**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3109 13.03.2017 ൽ മറുപടിയ്ക്ക്**

**കർഷക സേവാകേന്ദ്രങ്ങൾ**

**ചോദ്യം**

**ശ്രീ.മുരളി പെരുനെല്ലി**

**മറുപടി**

**ശ്രീ. വി.എസ്.സുനിൽ കുമാർ**

**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ | ജൈവ കാർഷിക നയത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കർഷക സേവാകേന്ദ്രങ്ങൾ ആരംഭിക്കുകയുണ്ടായി; | എ) & ബി) | ജൈവകാർഷിക നയത്തിന്റെ ഭാഗമായി കർഷക സേവാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. എന്നാൽ സംസ്ഥാനാവിഷ്കൃത പദ്ധതിയായ അഗ്രോ സർവ്വീസ് & സർവ്വീസ് ഡെലിവറി എന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 64 ബ്ലോക്ക് പ്രദേശത്ത് അഗ്രോ സർവ്വീസ് സെന്ററുകൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു,.നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച് സെന്ററുകൾ രൂപീകരിക്കുന്ന പ്രവർത്തനം പുരോഗമിച്ചു വരുന്നു. |
| ബി | നിലവിൽ എവിടെയെല്ലാം കർഷക സേവാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; | | |
| സി | എല്ലാ ജില്ലകളിലും കർഷക സേവാകേന്ദ്രങ്ങൾ തുടങ്ങാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | സി | നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത ബ്ലോക്കുകളിലാണ് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നത്. എല്ലാ ബ്ലോക്കുകളിലേക്കും അഗ്രോസർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

S. [signature]

**സെക്ഷൻ ഓഫീസർ**